കിളിമാന്തൂരിന്റെ ഗുരുകടാക്ഷം

പ്രൊഫ. സി. കെ. മുസ്തുത്

'കാവ്യമല്ലാത്ത പലതും കാവ്യമെന്നപേരിൽ വായിക്കേണ്ടിവരികയും വൈതാളികന്മാരുടെ സ്തുതിവചനങ്ങളിൽ മാത്രം ജീവിക്കുകയും ചെയ്യുന്ന കാവ്യങ്ങളം വായിച്ചുവട്ടത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ, കിളിമാന്തൂർ കേശവൻ അവർകളുടെ 'സൂര്യഗീത' ആശ്വാസവുമാനന്ദവുമരുളുന്നു.' 'ഗുരുകടാക്ഷം' എന്ന പുസ്തകത്തിൽ രണ്ടാമതായി കൊടുത്തിട്ടുള്ള 'സൂര്യഗീത' എന്ന ഖണ്ഡകൃതിയെക്കുറിച്ച് കെടാകുളം കരുണാകരൻ പറഞ്ഞ അഭിപ്രായം സൂര്യഗീതത്തിനുമുമ്പു ചേർത്ത ഗുരുകടാക്ഷത്തിനും കിളിമാന്തൂർ കൃതികൾക്കു സാമാന്യമായും പ്രസക്തമായിത്തോന്നി. കാരണത്തിന് ദൂരെപോകേണ്ടതില്ല.

'അഞ്ചിതചര്യൻ ഭഗവാൻ തഥാ–
ഗതൻ–
തഞ്ചരിതം സർവ്വലോക–
മനോഹരം,
തുഞ്ചഗുരുവരോപജ്ഞമാം
രീതിയിൽ
നെഞ്ചലിയിക്കുന്ന നിഷ്ക്രമണം
വരെ.
ഇങ്ങനെ ഞാൻ പാടിനേൻ;
സൽക്കഥയുമാ–
യങ്ങനെ വേഴ്ചയാണ്ടാലു മുണ്ടാം
ശുഭം.'

എന്നാണ് ശ്രീബുദ്ധചരിതം നാലാം ഖണ്ഡത്തിന്റെ അന്ത്യത്തിൽ ആശാൻ പറഞ്ഞതു്. തുഞ്ചത്തുവര്യന്റെ കവനരീതിയുടെ മർമ്മം ഗ്രഹിച്ച് സൽക്കഥ ആഖ്യാനം ചെയ്യുക– ഇതിലധികം എന്തുവേണം ശുഭം എന്ന പദത്തിൽ ആശാൻ ഒതുക്കിയ ആശ്വാസവുമാനന്ദവും ലഭ്യമാകാൻ!

ആശാൻ ശ്രീബുദ്ധചരിതം ഏതാണ്ട് ഒരു സ്വതന്ത്രകൃതിയായിട്ടാണ് കൈകാര്യം ചെയ്തതു്. തുഞ്ചത്തെഴുത്തച്ഛന്റെ രീതിയിൽത്തന്നെ. പലടിക്കിലും തഥാഗതനെ വിവരിക്കുമ്പോഴും ശ്രീനാരായണഗുരുദേവന്റെ സ്മരണയും സമ്പർക്കാനുഭൂതികളും ആശാന്റെ കാവ്യത്തിനു കൊഴുപ്പുകൂട്ടിയിട്ടുണ്ട്. നമ്മുടെ ഭാഗ്യദോഷംകൊണ്ട് ആ കൃതി മുഴുമിക്കാൻ ആശാനു കഴിഞ്ഞില്ല. 'നാരായണവിജയം കിളിപ്പാട്ട്' എന്നൊരുകൃതി മൂക്കോത്തു കുമാരൻ എഴുതാൻ ആരംഭിക്കയും അതിലെ ആദ്യവരികൾ 'ഒരു മഹാ

ഗുരുകടാക്ഷം: കവിതാസമാഹാരം
ഗ്രന്ഥകർത്താ: കിളിമാന്തൂർ കേശവൻ
അച്ചടി: മിനി പ്രിന്റേഴ്സ്— വക്കല
പേജ്: 65

യോഗി' എന്ന ശീർഷകത്തിൽ മാതൃഭൂമിവിശേഷാൽപ്രതി – 1933ൽ പ്രസിദ്ധപ്പെടുത്തുകയും ഉണ്ടായി. പ്രസിദ്ധപ്പെടുത്തിയ ഭാഗത്തിലെ അവസാന ഭാഗം താഴെ കൊടുക്കുന്നു.

'മാംസവും കള്ളും റാക്കും മത്സ്യവും
നിവേദിച്ചു
ഹിംസയും മദ്യപാനമെന്നിവയാ–
ചരിച്ചു
എരുതയും നികൃഷ്ടമായുള്ളോരു
ജീവിതത്തെ
പ്രത്യഹം നയിക്കുന്ന പാവങ്ങളെ–
സ്സന്മാരായ്.
ഇവരിൽ സ്വാഭിമാനം പുലർത്തി–
ക്കൊണ്ടുവന്നി–
ട്ടിവരെ രക്ഷിക്കേണമിവരെയു–
യർത്തേണം.
ധീരനാം മഹാഭോഗനിങ്ങനെ
നിശ്ചയിച്ചു.
സാരമാം തപ:ഫലമതിനായ്–
തന്നെമേലിൽ
കേവലം വിനിയോഗിച്ചിടു–
വാനാച്ചതാൻ
ഭാവുകം ഭാരതത്തിന്നാശിച്ച
വശിശ്രേഷ്ഠൻ.
അങ്ങിനെയുള്ളയോഗി വര്യന്റെ
കഥാമൃതം
മംഗളകരം തെല്ലുചുരുക്കി–
ച്ചൊല്ലിടുന്നേൻ'

ഇതു് 1933–ലാണു്. 1934ൽ കുമാരൻ മാസ്റ്ററുടെ ഷഷ്ട്യബ്ദപൂർത്തി കേരളമെങ്ങും ആഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടു. അർബുദരോഗഗ്രസ്തനായി കുറച്ചുകാലം ശയ്യാശരണനായിക്കഴിഞ്ഞ ആ ധന്യജീവിതം 1941–ൽ അവസാനിക്കുകയും ചെയ്തല്ലോ. ഉദ്ദേശിച്ച കിളിപ്പാട്ടു് പൂർത്തിയായതായി അറിവില്ല. ഈ പശ്ചാത്തലത്തിൽ പ്രത്യേകമായ ആശ്വാസത്തോടും ആനന്ദത്തോടും കൂടി കിളിമാന്നരിന്റെ സപ്ത്ന പ്രസ്താവനയുടെ അന്ത്യഭാഗം ഞാൻ വായിക്കുന്നതു്. 'ശ്രീ നാരായണചരിതം മഹാകാവ്യം' അവതരിപ്പിക്കുന്നതിന്റെ മുന്നോടിയായി 'ഗുരുകടാക്ഷ'മെന്ന ഈ ചെറുകൃതി സഹൃദയസമക്ഷം സമർപ്പിക്കുകയാണു്, തികഞ്ഞ ആത്മവിശ്വാസത്തോടുകൂടിത്തന്നെ.'

കിളിമാന്നരിനു് ഗദ്യവും പദ്യവും ഒന്നുപോലെ വശമാണെന്നകാര്യം ഞാൻ വളരെ മുമ്പുതന്നെ മനസ്സിലാക്കിയതാണു്. ശ്രീ മൂർക്കുത്തുകുമാരന്റെ സാഹിത്യസേവനത്തെപ്പറ്റി ശ്രീ. കേശവൻ എഴുതിയ ലേഖനം ഓജസ്സുള്ള ഭാഷയിൽ വിശദാംശപൂർണ്ണമായി എനിക്കു തോന്നി. രാഷ്ട്രീയകാര്യത്തിൽ യാഥാസ്ഥിതികനായിരുന്ന കുമാരൻ മാസ്റ്റർ വള്ളത്തോളിനെ കുറച്ചെഴുതുന്നതു് ബ്രിട്ടീഷ് ഭരണമവസാനിപ്പിക്കാനാഗ്രഹിച്ചു എന്നുപറഞ്ഞാണത്രേ.

'വെള്ളക്കാർ മൂലമല്ലം
വെളിച്ചമുണ്ടായതു്
വള്ളത്തോൾ കവീശ്വരൻ
കാണുന്നകുരിരുട്ടായ്
എന്നാണോ മഹാകവി–
ക്കിഭ്രമം നീങ്ങിടുന്ന–
തന്നാണു പുലർകാലം
നമ്മൾക്കശ്രുഭോദർക്കം'

അതേ സമയം മദ്യപാനശീലത്തെ അപലപിക്കുന്ന മാസ്റ്ററുടെ ഒരു പദ്യവും കേശവൻ ഉദ്ധരിച്ചുചേർ

ത്തിട്ടുണ്ട്. 1116 ലോമറോ 'സഹ്യ'മാസികയിൽ ശ്രീ. കിളിമാനൂർ പ്രസിദ്ധപ്പെടുത്തിയിരുന്ന 'രാമായണം എഴുത്തു' എന്ന പദ്യത്തിൽ എഴുത്തച്ഛൻ സ്വീകരിച്ച കാവ്യനിർമ്മാണരീതിയെ മുക്തകണ്ഠം പ്രശംസിച്ചതും ഇത്തരുണത്തിൽ ഓർത്തുപോകയാണു്.

ശ്രീ. കേശവന്റെ 'ഗുരുകടാക്ഷം' ഞാൻ സകൗതുകം വായിച്ചു എന്നു പറഞ്ഞാൽപോരാ, പഠിച്ചു. 'ജഗൽഗുരുവായ ശ്രീനാരായണന്റെ ബാഹ്യാന്തരഭാവങ്ങളെ പരാമർശിച്ചു ഞാൻ പല അവസരങ്ങളിലായി രചിച്ച കവിതകളുടെ സമാഹാരമാണു് ഗുരുകടാക്ഷം. ഈ കവനങ്ങളെല്ലാംതന്നെ ആനുകാലികങ്ങളിലൂടെ പ്രകാശംകൊണ്ടിട്ടുള്ളവയാണു്. ദിവ്യമായ ആത്മാനന്ദാനുഭൂതിയുടെ പ്രതിഫലനമായി ഉദ്ഭൂതമായ 'സൂര്യഗീത' എന്ന ഖണ്ഡകൃതിയും ഈ സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. 'മഹാകാവ്യനിർമ്മാണ വിജയത്തിനു് സഹായകമായ ഗുരുകടാക്ഷം ഗ്രന്ഥകർത്താവിനുണ്ടാകട്ടെ.

പലകാലത്തു് പല മാസികകൾക്കുവേണ്ടി രചിക്കപ്പെട്ടവയായാലും വിഷയൈകബാധമുള്ള കവിയാകയാൽ ഐക്യത്തിന്റെ അന്തർധാര ഈ ഗീതങ്ങളെ കൂട്ടിയിണക്കുന്നു. ടാഗൂറിന്റെ ഗീതാഞ്ജലി പദ്യങ്ങളെന്നപോലെ പ്രതീകങ്ങളും സാഹചര്യങ്ങളും ഭിന്നമായാലെന്തു് അഞ്ജലിയിൽ എല്ലാം ഇണങ്ങിനില്ക്കുന്നു. ഗുരുദേവന്റെ ബാഹ്യാകാരത്തെ ഭക്തിനിർഭരതയോടെ കവി നോക്കിക്കാണുന്നു.

'വിൺപുഴുഞ്ഞുഴകോറ്റ–
മുന്നതശരീരവും
അൻപെഴുംമുഖശ്രീയും
ക്രമമാം നാസികയും'

എന്നുതുടങ്ങുന്ന വരികൾ കേവലം ഒരു കേശാദിപാദവർണ്ണനയല്ല വ്യക്തിഗതമായ പവിത്രതയും മേധാശക്തി തെളിയിക്കുന്ന കൺകളും വീക്ഷിക്കുന്നവർക്കു് മുമ്പു് സൂചിപ്പിച്ചപോലെ സ്വർഗീയ നിർവൃതി അനുഭവപ്പെടാതെ വയ്യ.

ബോധിവൃക്ഷച്ചോട്ടിൽ ശാക്യമുനിപോലെ പിള്ളത്തടത്തിലെ ഗുഹയിൽ ഏകാന്തധ്യാനം ചെയ്യുന്ന ഗുരുദേവനെ ഭക്തിപാരവശ്യത്താൽ മൂകമായിക്കുനിഞ്ഞു വന്ദിക്കുവാൻ ഭാവിക്കുകയാണു് ആകാശം. ബുദ്ധചരിതത്തിൽ ആശാൻ അറിയാതെ സ്വാമിജിയെ ഓർമ്മിച്ചു് ബുദ്ധവർണ്ണനം ചെയ്തതിത്തരത്തിൽ ഓർക്കുക. മൂന്നാം പദ്യത്തിൽ രോഗഗ്രസ്തനായിക്കിടക്കുകയാണു് കുമാരൻ ആശാൻ എന്നറിഞ്ഞു് ഗുരുദേവൻ കായിക്കരഗൃഹത്തിൽ ആശ്വാസമെത്തിക്കുന്നു. ഇങ്ങിനെ ഗുരുദേവന്റെ ജീവിതത്തിലെ മർമ്മസ്പൃക്കായ രംഗങ്ങൾ ഒരു ആൽബത്തിലെന്നപോലെ വർണ്ണപ്പകിട്ടോടെ വരച്ചുവച്ചിരിക്കയാണു്.

മുമ്പു സൂചിപിച്ചപോലെ ഭക്തി പാരവശ്യത്താൽ ഗുരുദേവസ്തുതി ചെയ്യുമ്പോഴും തുഞ്ചത്തെഴുത്തച്ഛന്റെ തുവലാണു് പ്രവർത്തിക്കുന്നതു് എന്നതോന്നിക്കും.

നിഷ്കളൻ, നിർമ്മലൻ, നിത്യൻ
നിരാമയൻ
നിഷ്കാമകർമ്മിയാം ദേഹിനാ-
ത്മകൻ,
വേദാന്തവേദ്യൻ, നിരീഹൻ
നിരഞ്ജനൻ
വേദിയൻമാക്കുമവേദ്യൻ
വിനിർമ്മലൻ
സച്ചിദാനന്ദ സ്വരൂപൻ,
മഹാഗുരു
സർവ്വലോകപ്രിയൻ
നാരായണഗുരു'

ടാഗ്ഗറും ഗുരുസ്വാമിയും തമ്മിൽ ശിവഗിരിയിൽ നടന്ന കൂടിക്കാഴ്ചയാണു് 12-ാം ഗീതമായ മഹൽ സമാഗമത്തിലെ പ്രതിപാദ്യം.

ഗുരുകടാക്ഷത്തിനു് അനുബന്ധമായിച്ചേർത്ത സൂര്യഗീതകവും ആശാൻ ശൈലിയിൽ രചിച്ച ഒരു ഖണ്ഡകൃതിയാണു്. സൂര്യനും ഉഷസ്സും തമ്മിലുള്ള ക്ഷണപ്രഭാചഞ്ചലമായ ദാമ്പത്യമാണു് സൂര്യഗീതയുടെ മർമ്മം. വിരോചകന്യ വരണമാല്യവുമായി കതിരോനെ കാത്തു നില്ക്കുകയാണു്.

'മഞ്ഞിൽക്കുളിച്ചു കുനുകുന്തള-
രാജികെട്ടി
മജ്ജാതമാന്ന പുലർതാരകയും
ചൂടിവന്നാം
അഞ്ചാതെ വായ്മലർ
വിരിഞ്ഞുരുനാണമോടു
തഞ്ചാരെനിന്നകമലിഞ്ഞു
വിരോചകന്യ;

വരണമാല്യമർപ്പിക്കുന്നതിനുമുമ്പായി, ഇലകളും വീണാനാദമുതിർത്തു; പ്രഭാതവായു പനിനീർ കുടഞ്ഞു; പക്ഷികളും വിവാഹമംഗള

GOOD LUCK CONCRETE WORKS

AND

BRIGHT MOSAIKS, CONCRETE GRILLS, IRRIGATION PIPES MANUFACTURERS

Irigadappilly Nagar
(Near Irinjalakuda Rly. Station)
Kallettumkara

ത്തെ ഉൽഘോഷിച്ചുപാടിപ്പറന്നു. രംഗം കവി വർണ്ണിക്കുന്നതുനോക്കൂ.

'ആകാശദേശ കതിർ മണ്ഡപ
മാശ്രയ്യ-
മേകം സുഗന്ധമലരായി-
വിരിഞ്ഞുനിന്നു
മാല്യം ദിനേശനണിയിച്ച
പ്രഭാതകണ-
നാളത്തിലായ് വരണമാലയ-
മിട്ടകാലം'

തേരിൽക്കയറി നവദമ്പതികൾക്ക് വലിയ ഒരു ഉല്ലാസയാത്രയ്ക്കുശേഷം തരപ്പെട്ടുള്ള വധുവായ ഉഷസ്സ് ആരുമറിയാതെ അപ്രത്യക്ഷമാകുന്ന ആശാന്റെ വീണപൂവിലെന്നപോലെ തത്ത്വകഥനങ്ങളും ലോകോക്തികളും ഇതിൽ അവിടവിടെ ചന്ദനത്തിരിപോലെ കൊളുത്തിവച്ചിട്ടുണ്ട്. 'ഗുണിപരർക്കതിനന്മ ചെയ്യുവോൻ,' 'സമ്മിശ്രമായിഹ വരുന്നു സുഖാസുഖങ്ങൾ' എന്നിങ്ങനെ കാവ്യസന്ദർഭത്തിനിണങ്ങിയ തരത്തിൽ അവിടവിടെ സാത്വിക ചിന്തയിലേക്കും നമ്മെ ആനയിക്കുമാറുണ്ട്.

ശ്രീനാരായണ മഹാകാവ്യരചനയ്ക്ക് ആവശ്യമായ ആത്മശക്തി സ്വരൂപിക്കുവാൻ കിളിമാനൂരിന്റെ വാഗ്ദാനമാണ് കിളിമാനൂരിന്റെ ഗുരുകടാക്ഷം.

'വംഗദേശത്തിന്നലങ്കാരഭൂതനാം
തുംഗമഹാകവി മൗലിമാണിക്യ
മായ്
ദേവഷിസന്നിഭസ്ഥാന
തേജസ്വിയായ്
ഭാവനാലോകവിഹാരിയാം
കോകിലം,
പഞ്ചമിച്ചന്ദ്രനെപ്പോലെ
ഫാലസ്ഥലം
ചിന്തകളോളംകളിക്കുന്ന കണ്ണുകൾ
ഗംഗാതരംഗം കണക്കുള്ള താടിയും
മംഗലോദാരമനോഹരമേനിയും
വിദ്യാധരൻ, ജ്ഞാനവിജ്ഞാന
വാരിധി,
പ്രദ്യോതമാനരവീന്ദ്രകവീശ്വരൻ'

ഗീതാഞ്ജലികാവ്യകാരന്റെയും കടാക്ഷം കിളിമാനൂരിനും മഹാകാവ്യനിർമ്മാണ വിജയത്തിനും സംസിദ്ധമാകാതെ വരില്ല എന്നും നമുക്കു പ്രത്യാശിക്കാം.

●

'സംഘടനകൊണ്ടു ശക്തരാകുവിൻ
വിദ്യകൊണ്ടു പ്രബുദ്ധരാകുവിൻ'

—നാരായണഗുരു
